# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4781 — 23/07/2015-ൽ മറുപടിക്ക്

### ആദിവാസി അമ്മമാരുടെ മരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ശശി : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പോഷകാഹാരക്കുറവ് മൂലം എത്ര ആദിവാസി അമ്മമാർ മരണപ്പെട്ടുവെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോഷകാഹാരകുറവ് മൂലം ആദിവാസി വിഭാഗത്തിൽപ്പെട്ട അമ്മമാർ മരണപ്പെട്ടതായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത്തരത്തിലുള്ള മരണം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | | |
| (സി) | പോഷകാഹാരം നൽകുന്നതിനായി നടപ്പാക്കുന്ന പദ്ധതികളുടെ നടത്തിപ്പിനെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | നടത്തിയിട്ടുണ്ട്.<br>പോഷകാഹാര കുറവ് മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാമൂഹ്യ ക്ഷേമവകുപ്പിൻെറ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി, ശലഭ പദ്ധതി, അമൃതം ന്യൂട്രിമിക്സ് വിതരണം, ആരോഗ്യ വകുപ്പിൻെറ ന്യൂട്രിഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ, ജാതക്ജനനീ കമ്പ്യൂട്ടർവത്കൃത സോഫ്ററ്വെയർ, പട്ടികവർഗ്ഗ ഗർഭിണികൾക്ക് അയൺ, ഫോളിക് ആസിഡ് ഗുളികകളുടെ വിതരണം, സപ്ലിമെന്ററി ന്യൂട്രിഷൻ പദ്ധതി, പട്ടികവർഗ്ഗ വികസന വകുപ്പിൻെറ ഭക്ഷ്യസഹായ പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. SAM/ MAM കുട്ടികളെ NRC യിലേയ്ക്ക് യഥാസമയം കൊണ്ടുപോയി വരുന്നതിന് പട്ടികവർഗ്ഗവികസന വകുപ്പ് യാത്രാ ചെലവ് നൽകിവരുന്നു. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം വാങ്ങി കഴിക്കുന്നതിന് APL/BPL ഭേദമന്യേ 18 മാസക്കാലം പ്രതിമാസം 1000 രൂപാ സമാശ്വാസ ധനസഹായമായി നൽകുന്ന ജനനീ ജന്മ രക്ഷാ പദ്ധതിയും പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കിവരുന്നു. വകുപ്പിൻെറ കീഴിലുള്ള മെഡിക്കൽ യൂണിറ്റുകളുടെ സേവനം തൃപ്തികരമായ നിലയിൽ ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ